# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.729

17.07.2012-ൽ മറുപടിക്ക്

## പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ കൃഷിവികസനം

**ചോദ്യം**

ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ഇ. പി. ജയരാജൻ
ശ്രീകെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ പി. ശ്രീരാമകൃഷ്ണൻ

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കൃഷിവികസനത്തിന് പതിനൊന്നാം പഞ്ചവൽസര പദ്ധതി വിഭാവനം ചെയ്ത പദ്ധതികളുടേയും പരിപാടികളുടേയും ലക്ഷ്യവും നേട്ടവും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

എ) കൃഷി വികസനത്തിന് പതിനൊന്നാം പഞ്ചവൽസര പദ്ധതി വിഭാവനം ചെയ്ത പദ്ധതികളുടേയും പരിപാടികളുടെയും ലക്ഷ്യവും നേട്ടവും പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ആദ്യവർഷ പദ്ധതി രൂപീകരണ സമയത്ത് വിശദമായി പരിശോധിക്കുകയും അതനുസരിച്ച് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ആദ്യവർഷത്തിൽ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

ബി) കാർഷിക ഉല്പാദനരംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചു; വ്യത്യസ്ത മേഖലയിലെ കർഷകരുടെ അവസ്ഥയിൽ പദ്ധതി എന്തുമാറ്റം വരുത്തുകയുണ്ടായി;

ബി) പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ ആദ്യ വർഷത്തെ അപേക്ഷിച്ച് ചെറിയ വർദ്ധന നെൽ വയലുകളുടെ വിസ്തൃതിയിൽ 2008-09, 2009-10 വർഷങ്ങളിൽ ഉണ്ടായി.

എന്നാൽ 2010-11 -ൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് 9% കുറവ് വിസ്തൃതിയിൽ ഉണ്ടായി. നെല്ലിന്റെ ഉൽപ്പാദനത്തിലും 2008-09, 2009-10 വർഷങ്ങളിൽ 2007-2008 നെ അപേക്ഷിച്ച് വർദ്ധന ഉണ്ടായി. എന്നാൽ 2010-11-ൽ മുൻ വർഷത്തെ അപേക്ഷിച്ച് 13% നെല്ല് ഉൽപ്പാദനത്തിൽ കുറവുണ്ടായി.

അനുയോജ്യമായ ഉയർന്ന പ്രദേശങ്ങളിൽ ആദ്യമായി നെൽകൃഷിക്ക് 2009-2010 വർഷം സഹായം നൽകുകയുണ്ടായി. കൂടാതെ ഭക്ഷ്യസുരക്ഷ പദ്ധതിയുടെ ഭാഗമായി 2009-10-ൽ പ്രത്യേക പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 15 രൂപയായി വർദ്ധിപ്പിച്ചു. നേന്ത്രവാഴ, മാമ്പഴം, മുരിങ്ങക്ക, മരച്ചീനി എന്നീ വിളകളുടെ ഉൽപ്പാദനക്ഷമതയിലും വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പ്, ഹോർട്ടി കോർപ്പ്,വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച കൊണ്ടുള്ള പ്രവർത്തനം പച്ചക്കറി കൃഷിക്കാരിൽ ആത്മവിശ്വാസം ഉണർത്തുന്നതിന് സഹായി

ക്കകയുണ്ടായി.

സി) കാർഷിക മേഖലയും കർഷകനും ഇപ്പോഴും നേരിടുന്ന പ്രമുഖ വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ?

സി) കാർഷിക മേഖലയും കർഷകനും നേരിടുന്ന പ്രമുഖ വെല്ലുവിളികൾ പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷ പദ്ധതി രൂപീകരണ സമയത്ത് ചർച്ച ചെയ്തിട്ടുണ്ട്. കണ്ടെത്തിയ പ്രധാന വെല്ലുവിളികൾ ചുവടെ ചേർക്കുന്നു.

1) നെല്ല് ഉൽപ്പാദനം 1980 മുതൽ സ്ഥിരമായി കുറഞ്ഞു വരുന്ന പ്രവണത.

2)കൃഷി ഭൂമിയുടെ തുണ്ട് വൽക്കരണം

3)ഉൽപ്പന്നങ്ങളുടെ വില തകർച്ച

4 )തൊഴിലാളികളുടെ ലഭ്യത കുറവ്.

5)വിളകളുടെ കുറഞ്ഞ ഉൽപ്പാദന ക്ഷമത.

6) കുറഞ്ഞു വരുന്ന മണ്ണിന്റെ ഉൽപ്പാദന ക്ഷമത.

7) ഗുണമേൻമയുള്ള വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ യഥാസമയത്തുള്ള ലഭ്യത കുറവ് .

8) കാർഷിക വിജ്ഞാന വ്യാപനത്തിലെ അപര്യാപ്തത.

9) അടിസ്ഥാന സൗകര്യ വികസനം.

10) കാലാവസ്ഥ വ്യതിയാനം മൂലമുള്ള കൃഷി നാശം.

11)രാസവളങ്ങളുടെ വില വർദ്ധന.

Sd/-

**സെക്ഷൻ ഓഫീസർ**